## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2183 — 01.02.2018 ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഉൽപ്പെടെയുള്ള വിവിധ പഞ്ചായത്തുകളിൽ സിവിൽ സപ്ലൈസിന് നെല്ല് നൽകാൻ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ നെല്ലിന് ഉണക്കക്കുറവ് ആരോപിച്ച് 20% വരെ തൂക്കം കുറയ്ക്കാൻ നെല്ല് സംഭരിക്കുന്നവർ ശ്രമിക്കുന്നതായും തന്മൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധിയെ തുടർന്ന് നെല്ല് കെട്ടികിടക്കുന്നതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പരാതികൾ ഉയർന്നു വരാറുണ്ട്. യഥാസമയം ഇടപെട്ട് പരിഹരിച്ചിട്ടുണ്ട്. |
| (ബി) നെല്ലിന്റെ ഈർപ്പത്തിന്റെ തോത് ശരിയായി പരിശോധിച്ച് തൂക്കത്തിൽ കുറയ്ക്കാതെ കർഷകരുടെ നെല്ല് സംഭരണം നടത്തുവാൻ സിവിൽ സപ്ലൈസ് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) സർക്കാർ മാനദണ്ഡപ്രകാരമുള്ള അളവിൽ അരി ലഭിക്കുന്നതിനായി നെല്ലിലെ ഈർപ്പത്തിന്റെ തോത് പരമാവധി 17 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. അനുവദനീയമായ തോതിൽ കൂടുതൽ ഈർപ്പമുള്ള നെല്ലാണെങ്കിൽ കർഷകർ നെല്ല് ഉണക്കി ഈർപ്പത്തിന്റെ തോത് അനുവദനീയമായ പരിധിക്കുള്ളിൽ ആക്കി നൽകേണ്ടതാണ്. |
| (സി) നെല്ല് സംഭരണത്തിൽ നിലനിൽക്കുന്ന അപാകതകൾ ശാശ്വതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (സി) കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം ഒരു ക്വിന്റൽ നെല്ലിന് 68% അരിയാണ് ലഭിക്കേണ്ടത് എന്നാൽ കേരളത്തിലെ |

പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരു ക്വിന്റൽ നെല്ലിന് 64% അരിയാണ് ലഭിക്കുന്നതെന്നും ആയത് അനുവദിച്ചു തരണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ